പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3008 **29-10-2026-ൽ മറുപടിയ്ക്ക്**

ഗണിത-ഭാഷാ ശേഷികൾ മെച്ചപ്പെടുത്താൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീമതി ഫാത്തിമ തഹിലിയ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. പാറക്കൽ അബ്ദുല്ല

മറുപടി നൽകിയ മന്ത്രി

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) അടിസ്ഥാന ഗണിതശേഷിയിലും മലയാളം, ഇംഗ്ലീഷ് ഭാഷാ വിജ്ഞാനത്തിലും പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: കേരള പാഠ്യപദ്ധതി ചട്ടക്കൂട് (കെ.സി.എഫ്) 2023 ഓരോ കുട്ടിയുടെയും പഠനവേഗത, പഠനശൈലി, പഠന പശ്ചാത്തലം എന്നിവയിലെ വൈവിധ്യം പരിഗണിക്കുന്ന ഉൾച്ചേർക്കൽ സമീപനം (Inclusive approach) മുന്നോട്ടുവയ്ക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ, കെ.സി.എഫ്. 2023 അടിസ്ഥാനമാക്കി തയ്യാറാക്കിയ പാഠപുസ്തകങ്ങൾ, അടിസ്ഥാന ഗണിതശേഷിയിലും മലയാളം, ഇംഗ്ലീഷ് ഭാഷാശേഷിയിലും പിന്നാക്കം നിൽക്കുന്ന കുട്ടികളെക്കൂടി പരിഗണിച്ചാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. എല്ലാ കുട്ടികൾക്കും അർഥപൂർണമായ പഠനാനുഭവം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ, ലളിതവും ക്രമാനുഗതവുമായ പഠന പ്രവർത്തനങ്ങൾ പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ വിഷയങ്ങളിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി ക്ലാസ് മുറി പ്രക്രിയകൾ (Classroom Transaction) ഫലപ്രദമായി നടപ്പിലാക്കുന്നതിന് അധ്യാപകരെ പ്രാപ്തരാക്കുന്നതിനായി അവധിക്കാല അധ്യാപക പരിശീലനത്തിൽ പ്രത്യേക ഊന്നൽ നൽകി ബോധവൽക്കരണം നടത്തിയിട്ടുണ്ട്. പരിശീലനത്തിൽ പഠന പിന്നാക്കാവസ്ഥ തിരിച്ചറിയൽ, വ്യക്തിഗത ശ്രദ്ധ നൽകൽ, പഠനപിന്തുണാ തന്ത്രങ്ങൾ എന്നിവ സംബന്ധിച്ച് അധ്യാപകർക്ക് വ്യക്തത നൽകുന്നതിനാണ് ശ്രദ്ധ കേന്ദ്രീകരിച്ചത്. കൂടാതെ, ഈ വിഷയങ്ങളുടെ അധ്യാപക സഹായികളിലും പിന്നാക്കം നിൽക്കുന്ന കുട്ടികളെ പരിഗണിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിശദമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുവഴി ക്ലാസ് മുറിയിൽ അധ്യാപകർക്ക് ആശ്രയിക്കാവുന്ന പ്രായോഗിക മാർഗനിർദേശം ലഭ്യമാകുന്നു. മേൽസൂചിപ്പിച്ച നടപടികൾ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുഖ്യധാരയിലെത്തിക്കുന്നതിന് സഹായകരമാകും.

സംസ്ഥാനത്തെ എൽ.പി. യു.പി വിഭാഗം കുട്ടികളിൽ അടിസ്ഥാന ഗണിത ശേഷിയിലും മലയാളം, ഇംഗ്ലീഷ് ഭാഷാ വിജ്ഞാനത്തിലും പ്രയാസം നേരിടുന്ന കുട്ടികൾക്കായി സർക്കാരിന്റെ 100 ദിന കർമ്മപദ്ധതിയുടെ ഭാഗമായി സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ 'റിവൈവ്-നവജീവനം' എന്ന പ്രത്യേക പദ്ധതി ഈ വർഷം മുതൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. ഈ പരിപാടിയുടെ മൊഡ്യൂൾ നിർമ്മാണം, സംസ്ഥാന - ജില്ലാതല റിസോഴ്സ് പേഴ്സൺസിന്റെ പരിശീലനങ്ങൾ എന്നിവ പൂർത്തീകരിച്ചു. ബ്ലോക്ക് തലത്തിൽ അധ്യാപക പരിശീലനങ്ങൾ 2026

ഒക്ടോബർ 22 മുതൽ നവംബർ 3 വരെ നടക്കും. നവംബർ 4 മുതൽ എല്ലാ പൊതുവിദ്യാലയങ്ങളിലും 30 ദിവസ പാക്കേജായി റിവൈവ് പദ്ധതി നടപ്പിലാക്കുന്നു.

(ബി) ഭാഷാ ഗണിതശേഷികൾ മെച്ചപ്പെടുത്താത്ത കുട്ടികൾക്ക് ഏഴാം ക്ലാസിൽ നിന്നും പ്രൊമോഷൻ നൽകേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ;

<u>മറുപടി:</u> തീരുമാനിച്ചിട്ടില്ല. എന്നാൽ അടിസ്ഥാന പഠനലക്ഷ്യങ്ങൾ നേടിയെന്ന് ഉറപ്പാക്കുകയെന്നത് പൊതുവിദ്യാഭ്യാസത്തിന്റെ ഉത്തരവാദിത്വമാണ്. ഭാഷാ ഗണിത ശേഷികൾ ആർജ്ജിച്ചിട്ടില്ലാത്ത ഏഴാം ക്ലാസിലെ കുട്ടികൾക്ക് പ്രത്യേകിച്ച് അധ്യാപക പിന്തുണയോടെ അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ നൽകി അവരെ ഉയർന്ന നിലവാരത്തിലെത്തിക്കുന്നു. ഓരോ കുട്ടിയുടെയും പഠനാവസ്ഥ വിലയിരുത്തി, അതിനനുസരിച്ച് രൂപകൽപ്പന ചെയ്ത പഠന പ്രവർത്തനങ്ങളിലൂടെയാണ് ഈ പിന്തുണ നൽകുന്നത്. തുടർന്ന് കുട്ടി ഭാഷാ-ഗണിതശേഷികൾ ആർജ്ജിച്ചു എന്ന് ഉറപ്പാക്കിയ ശേഷമാണ് പ്രമോഷൻ നൽകിവരുന്നത്. അതുവഴി, ശേഷികൾ ആർജിക്കാതെ കുട്ടി ഉയർന്ന ക്ലാസിലേക്ക് പ്രവേശിക്കുന്ന സാഹചര്യം ഒഴിവാക്കാനും തുടർ പഠനത്തിന് ആവശ്യമായ അടിത്തറ ഉറപ്പാക്കാനും സാധിക്കുന്നു.

(സി) പാഠ്യപദ്ധതിയുടെ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട് കുട്ടികളുടെ പഠന പിന്നാക്ക അവസ്ഥ മനസ്സിലാക്കാനും ഫലപ്രദമായ ബോധനരീതി നടപ്പിലാക്കാനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

<u>മറുപടി:</u> പാഠ്യപദ്ധതിയുടെ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട് കുട്ടികളുടെ പഠന പ്രയാസം മനസ്സിലാക്കാനും ഫലപ്രദമായ ബോധനരീതി നടപ്പിലാക്കാനും തത്വത്തിൽ തിരുമാനിച്ചിട്ടുണ്ട്. ഇതിനായി പൊതുവിദ്യാഭ്യാസ മേഖലയിലെ വിദഗ്ധരെ ഉൾപ്പെടുത്തി വിവിധ ക്ലാസുകളിലെ കുട്ടികൾക്ക് പ്രയാസമുള്ള വിഷയങ്ങളിൽ വിവിധ പഠനപോഷണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കും.

പഠന പ്രക്രിയയുടെ ഓരോ ഘട്ടത്തിലും കുട്ടിയുടെ പഠന പുരോഗതി മനസ്സിലാക്കി ആവശ്യമായ പിന്തുണ യഥാസമയം നൽകുക എന്നത് ഫലപ്രദമായ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനമാണ്. ഈ കാഴ്ചപ്പാടോടുകൂടി കെ.സി.എഫ്. 2023 അടിസ്ഥാനമാക്കിയുള്ള പാഠ്യപദ്ധതിയിൽ വികാസപ്രദ വിലയിരുത്തൽ (Formative Assessment) ശക്തിപ്പെടുത്താനും, അതിലൂടെ കൂടുതൽ ഫലപ്രദമായ പഠന-ബോധനരീതി നടപ്പിലാക്കാനും തീരുമാനിച്ചിട്ടുണ്ട്. വിലയിരുത്തലിൽ നിന്ന് ലഭിക്കുന്ന വിവരങ്ങൾ ഉപയോഗിച്ച് അധ്യാപകർക്ക് ബോധനരീതി പുനഃക്രമീകരിക്കാനും, പഠന പ്രയാസം നേരിടുന്ന കുട്ടികൾക്ക് സമയബന്ധിതമായി പരിഹാര പ്രവർത്തനങ്ങൾ നൽകാനും സഹായിക്കും.

സെക്ഷൻ ഓഫീസർ